# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2848

13.03.2018 – ൽ
മറുപടിയ്ക്ക്

## പരമ്പരാഗത വിത്തിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പരമ്പരാഗത വിത്തിനങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | എ) കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളും ചെറുധാന്യങ്ങളും സംരക്ഷിക്കുന്നതിനായി ജൈവവൈവിധ്യവും ജനിതക സംരക്ഷണവും ലക്ഷ്യമിട്ടുള്ള ഒരു പദ്ധതി 250 ലക്ഷം രൂപ ബജറ്റ് വിഹിതത്തോടെ 2017-18 വർഷം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് പരമ്പരാഗത വിത്തിനങ്ങളുടെ ജനിതക ശേഖരം സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഒരു സീഡ് ബാങ്ക് കേരള കാർഷിക സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതു കൂടാതെ സമഗ്ര പച്ചക്കറി പദ്ധതിയിലൂടെ നടപ്പുവർഷം പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉല്പാദനവും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത പച്ചക്കറി ഇനങ്ങളായ വേങ്ങേരി വഴുതന, ഓണാട്ടുകര പാവൽ, ഇടയൂർ മുളക്, മാരാരിക്കുളം വഴുതന, ഇടുക്കി ഇലച്ചേമ്പ്, നിത്യവഴുതന, വള്ളിച്ചീര, ചതുരപ്പയർ, അടപതിയൻ, ആനക്കൊമ്പൻ, കൊത്തമര എന്നിവ വിവിധ ജില്ലകളിലായി 80 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. അവയിൽ നിന്ന് വിത്ത് ശേഖരിച്ച് മറ്റുള്ള കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനത്തിന് നടപ്പുവർഷം 20 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ചെലവഴിക്കുന്നത്. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിലേക്കായി 5 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ഇടയൂർ മുളക്, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, കാന്തല്ലൂർ വെളുത്തുള്ളി, മറയൂർ ശർക്കര, കുറ്റ്യാട്ടൂർ മാങ്ങ, അട്ടപ്പാടി തുവര, തിരൂർ വെറ്റില എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിനുള്ള നടപടിയും കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) ഇത്തരം വിത്തിനങ്ങൾ ന്യായമായ വിലയ്ക്കും വിളയിറക്കൽ സമയത്തും കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ? | ബി) പരമ്പരാഗത വിത്തിനങ്ങൾ ന്യായമായ വിലയ്ക്ക് ആവശ്യമായ സമയത്ത് കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ